# കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ)

നിയമസഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്, എറണാകുളം, കൊച്ചി – 682 031, ഫോൺ : 0484 2396717

Website : www.kelsa.nic.in  E-mail : kelsakerala@gmail.com


# ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം, 2012

## (Protection of Children from Sexual Offences Act, 2012)

കുഞ്ഞുങ്ങളെ മാനസികവും ശാരീരികവുമായി ഏറെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബാല ലൈംഗീക ചൂഷണം. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള നിയമങ്ങളെ ശക്തിപ്പെടുത്താനും, കുട്ടികൾക്ക് ഫലപ്രദമായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും, കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നൽകുന്നതിലേക്കുമായി ഇന്ത്യൻ പാർലമെന്റ് ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണനിയമം 2012 എന്ന പേരിൽ ഒരു നിയമത്തിന് 2012 ജൂൺ 19ന് രൂപം കൊടുക്കുകയും ആയത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ആൺ-പെൺ വ്യത്യാസമില്ലാതെ ബാല ലൈംഗീക ചൂഷണത്തിന് ഇരയാകുന്ന കുട്ടികൾക്ക് നിയമ സംരക്ഷണവും, നീതിയും ഉറപ്പാക്കുന്ന രീതിയിലാണ് ഇന്ത്യൻ പാർലമെന്റ് ഈ നിയമം നിർമ്മിച്ചിട്ടുള്ളത്.

1. 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കാണ് ഈ നിയമപ്രകാരമുള്ള സംരക്ഷണം നൽകുന്നത്.
2. ലൈംഗീകാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക.
3. കുറ്റവാളികൾക്ക് കഠിന ശിക്ഷ നൽകുക.
4. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കുക.
5. നടപടിക്രമങ്ങളിൽ ശിശു സൗഹാർദ്ദ നടപടികൾ സ്വീകരിക്കുക.
6. ഈ നിയമത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെ കുട്ടി എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

## കുറ്റകൃത്യങ്ങൾ

1.) ലൈംഗീകമായി കുട്ടികളെ ഉപയോഗിക്കുകയോ അവരുടെ ശരീരഭാഗങ്ങളിൽ വടിയോ, കൂർത്ത വസ്തുക്കളോ പ്രവേശിപ്പിക്കുകയോ ചെയ്യുന്നത് 7 വർഷത്തിൽ കുറയാത്തതും പരമാവധി ജീവപര്യന്തം തടവുശിക്ഷയും, പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

2) ലൈംഗീക ചിന്തയോടെ കുട്ടിയുടെ ശരീരത്തിലെ സ്വകാര്യഭാഗ ങ്ങളിൽ സ്പർശിക്കുക അല്ലെങ്കിൽ ലൈംഗീക ചിന്തയോടെ കുട്ടികളെ തങ്ങളുടെ ശരീരത്തിലെ സ്വകാര്യഭാഗങ്ങളിൽ സ്പർശിപ്പിക്കുകയോ അല്ലെങ്കിൽ സ്പർശിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നത് ലൈംഗീകാതിക്രമമാണ്. 3 മുതൽ 5 വർഷം വരെ തടവ് ശി ക്ഷയും പിഴയും കിട്ടാവുന്ന കുററ കൃത്യമാണിത്.

3) കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ പലപ്പോഴുമു ണ്ടാകുന്നത് അവരുടെ സംരക്ഷണ ചുമതലയുള്ളവരിൽ നിന്നു തന്നെയാണ്. അനാഥാലയങ്ങൾ, ചിൽഡ്രൻ ഹോമുകൾ, പ്രൊട്ടക്ഷൻ ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, ആശുപത്രികൾ തുടങ്ങി യവയുടെ നടത്തിപ്പുകാർ പോലീസ് ഉദ്യോഗസ്ഥർ, സർക്കാർ ഉദ്യോ ഗസ്ഥർ, മറ്റു ബന്ധുമിത്രാദികൾ ആരുമാകട്ടെ കുട്ടികളെ ലൈം ഗീകമായി ഉപയോഗിക്കുന്നതോ, അതിന് ശ്രമിക്കുന്നതോ ചുരുങ്ങി യത് 10 വർഷം മുതൽ ജീവപര്യന്തം വരെ തടവു ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

4) മാനസീക വൈകല്യമുള്ള കുട്ടികളെ ലൈംഗീകമായി ഉപയോഗി ക്കുന്നതോ, അതിന് ശ്രമിക്കുകയോ ചെയ്യുന്നതിനും ചുരുങ്ങിയത് ജീവപര്യന്തം വരെ തടവുശിക്ഷയും പിഴയും ലഭിക്കാവുന്നതാണ്.

5) കുട്ടികളിൽ എച്ച്.ഐ.വി അണുബാധയ്ക്ക് കാരണമാവുകയോ, പെൺകുട്ടിയാണെങ്കിൽ ഗർഭിണിയാവുകയോ ചെയ്യുന്ന സംഭവങ്ങ ളിലും ചുരുങ്ങിയത് ജീവപര്യന്തം തടവുശിക്ഷയും പിഴയും നിയമം ഉറപ്പാക്കുന്നു.

## നടപടിക്രമങ്ങൾ

ബാലസൗഹാർദ്ദപരമായ നടപടിക്രമങ്ങളാണ് ഈ നിയമത്തിന്റെ പ്രത്യേകത. കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കുള്ള വിചാ രണ വേഗത്തിൽ തീർപ്പാക്കാനും ബാലസൗഹൃദ അന്തരീക്ഷത്തിൽ നടത്താനുമായി പ്രത്യേക സെഷൻസ് കോടതികൾ സ്ഥാപിക്കാനോ കുട്ടികൾക്കായുള്ള മറ്റേതെങ്കിലും കോടതികൾ പ്രത്യേക കോടതി യായി പരിഗണിക്കാനോ നിയമം അനുശാസിക്കുന്നു. കുട്ടികളുടെ വ്യക്തിത്വം വെളിപ്പെടുത്തുന്ന വിധത്തിലുള്ളതും കുട്ടിയുടെ താൽ പ്പര്യങ്ങൾക്ക് വിരുദ്ധമാകുന്ന വിധത്തിലുള്ള മാദ്ധ്യമ റിപ്പോർട്ടുക ളും നിയമം വിലക്കുന്നു. മൊഴി രേഖപ്പെടുത്തുന്നത് കുട്ടിയുടെ വീട്ടിലോ അല്ലെങ്കിൽ കുട്ടിക്ക് കൂടുതൽ അഭികാമ്യമെന്ന് തോന്നുന്ന മറ്റേതെങ്കിലും സ്ഥലത്ത് വച്ചോ ആയിരിക്കണം. കഴിവതും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിത പോലീസ് ഉദ്യോഗ സ്ഥയെ മൊഴി രേഖപ്പെടുത്താൻ ചുമതലപ്പെടുത്തുന്നതാണ്

അഭികാമ്യമെന്ന് നിയമം അനുശാസിക്കുന്നു. കുട്ടിയെ യാതൊരു കാരണവശാലും രാത്രി പോലീസ് സ്റ്റേഷനിൽ നിർത്താൻ പാടുള്ളതല്ല. മൊഴി രേഖപ്പെടുത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കാൻ പാടുള്ളതല്ല. കുട്ടി പറയുന്ന കാര്യങ്ങൾ മൊഴിയായി രേഖപ്പെടുത്തണം. മൊഴിയെടുക്കുമ്പോൾ കുറ്റവാളിയുമായി കുട്ടിക്ക് യാതൊരു വിധത്തിലുമുള്ള സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാൻ കരുതലുണ്ടാകണമെന്നും നിയമം അനുശാസിക്കുന്നു.

ആവശ്യമെങ്കിൽ ഒരു വ്യാഖ്യാതാവിന്റെയോ പരിഭാഷകന്റെയോ വിദഗ്ദന്റെയോ സഹായം കുട്ടിയുടെ മൊഴി രേഖപ്പെടുത്തുന്നതിന് തേടാവുന്നതാണ്. വൈകല്യങ്ങൾ ഉള്ള കുട്ടിയാണെങ്കിൽ കുട്ടിയുടെ വിനിമയ രീതികൾ തിരിച്ചറിയാൻ സാധിക്കുന്ന ആരുടെയെങ്കിലും അല്ലെങ്കിൽ സ്പെഷ്യൽ അദ്ധ്യാപകരുടെയോ സഹായം തേടേണ്ടതാണ്. മെഡിക്കൽ പരിശോധന നടത്തേണ്ടത് മാതാപിതാക്കളുടെയോ അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള ആരുടെയെങ്കിലും സാന്നിധ്യത്തിലായിരിക്കണം. ആക്രമണത്തിന് ഇടയായത് ഒരു പെൺകുട്ടിയാണെങ്കിൽ ഒരു വനിത ഡോക്ടർ ആയിരിക്കണം മെഡിക്കൽ പരിശോധന നടത്തേണ്ടത്. കുട്ടിയെക്കുറിച്ചുള്ള വിവരങ്ങളും മറ്റു വിശദാംശങ്ങളും കുട്ടിയുടെ ഭാവിയേയും താൽപര്യങ്ങളേയും വിരുദ്ധമായി ബാധിക്കുന്ന വിധത്തിൽ മാധ്യമങ്ങളിലൂടെ വരുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും പോലീസ് ഉദ്യോഗസ്ഥരാണ്.

30 ദിവസത്തിനുള്ളിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തേണ്ടതുണ്ട്. കോടതി കുററ വിചാരണ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ഏതെങ്കിലും ഒരു കാര്യം തെളിയിക്കുന്നതിലേക്കായി നിരന്തരം കുട്ടി വിളിച്ചു വരുത്തപ്പെടുന്നില്ല എന്ന് കോടതി ഉറപ്പാക്കും. ആക്രമണ സ്വഭാവത്തോടുകൂടിയുള്ള ചോദ്യങ്ങളും സ്വഭാവഹത്യയും കുട്ടി നേരിടുന്നില്ല എന്നും ഉറപ്പാക്കേണ്ടത് കോടതിയുടെ ചുമതലയാണ്. രഹസ്യ സ്വഭാവമുള്ള ഇൻ ക്യാമറ നടപടി ക്രമങ്ങളിലൂടെയായിരിക്കും കോടതി വിചാരണ നടത്തുക.

കുറ്റം ചെയ്യാനുള്ള ശ്രമങ്ങൾക്കും ഈ നിയമം ശിക്ഷ നൽകുന്നു. കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്നവർക്കെതിരെയും നിയമം കടുത്ത ശിക്ഷ ശുപാർശ ചെയ്യുന്നു. കുറ്റകൃത്യത്തിൽ ഏർപ്പെട്ടയാൾക്ക് പ്രായപൂർത്തിയായിട്ടില്ലായെങ്കിൽ ബാലനീതി നിയമ പ്രകാരമുള്ള വിചാരണയും ശിക്ഷയുമായിരിക്കും നൽകുക. അമൂല്യവും പകരം വയ്ക്കാനില്ലാത്തതുമായ ബാല്യം കുഞ്ഞുങ്ങള്ക്ക് ഉറപ്പാക്കുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന സമൂഹത്തിന്റെ കടമയുടെ പ്രതിഫലനമാണ് 'ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012.'

# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഓ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 – 2396817**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**
**1516 (ഓഫീസ് സമയങ്ങളിൽ)**